കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടത്വ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-182/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

E-mail: ddhglfalpy@gmail.com

തീയതി, 15.05.2020

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടത്വ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം :- എടത്വ ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെയും ഭാഗം 3-ലെയും എല്ലാ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി1-182/2020 തീയതി, 15.05.2020

# ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.02.2019 മുതൽ 10.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.കെ.വി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.02.2020 മുതൽ<br>20.02.2020 വരെ | ശ്രീ.സാബു.പി,ഓഡിറ്റ് ഓഫീസർ (ഹഗ്രേ)<br>ശ്രീ.പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി. മായാദേവി.സി.എസ്സ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി.സുഷ.ടി.പിള്ള,സീനിയർ ഗ്രേഡ് ഓഡിറ്റർ. |

**(ബി) നിർവ്വഹണാധികാരികൾ**

1. **പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. ടെസ്സി ജോസ് | 01.04.2018 മുതൽ 12.08.2018 വരെ |
| ശ്രീമതി.ആനി ഈപ്പൻ | 13.08.2018 മുതൽ 31.03.2019 വരെ |

2. **സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ.ബി.ബാലകൃഷ്ണപിള്ള | 01.04.2018മുതൽ 02.10.2018വരെ<br>18.10.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| 2 | ശ്രീ. സലിം.കെ.എച്ച്, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 03.10.2018 മുതൽ 17.10.2018 വരെ |

3. **<u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. സെബാസ്റ്റ്യൻ സക്കറിയ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി. റോസമ്മ ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. തോമസ്. ടി.ടി. | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. ജെയിൻ മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |

4. **<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഐശ്വര്യ.റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.സിനി.സി.ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മരിയ തെരേസ.പി.ജെ | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.ജ്യോതിമോൻ. പി.ബി. | 01.04.2018 മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിസ്ഥു ജിങ്കാ ചാക്കോ | 01.04.2018 മുതൽ 17.07.2018വരെ |
| | ശ്രീമതി.ദീപ.കെ.എസ്സ്. | 18.07.2018മുതൽ 31-12-2018 വരെ |
| | ശ്രീമതി.സ്മിത.എസ്സ്.ഡി. | 01.01.2019മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ബിന്ദുമോൾ.കെ.കെ | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീമതി.പ്രിയ.എൽ. | 18.07.2018 മുതൽ 22.03.2019വരെ |
| | ശ്രീമതി.അന്നക്കുട്ടി.ടി.എ.,<br>ഓവർസിയർ (അഡീഷണൽ ചാർജ്ജ്) | 23.03.2019 മുതൽ 31.03.2019 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീ.ജോഷി.പി.ഡി | 01.04.2018മുതൽ 31.03.2019വരെ |
| വി.ഇ.ഒ. | ശ്രീ.ദിനൽ രാജ് വി.എച്ച്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സിനി.എസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സലിം.കെ.എച്ച്. | 01.04.2018 മുതൽ 31.03.2019വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 മുതൽ<br>1-12 വരെ | പൊതു അവലോകനം |
| 2 | 1-13 | ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിന് പലിശ ലഭിക്കുന്നില്ല |
| 3 | 1-14 | കളക്ഷന് നൽകിയ മാന്വൽ രസീത് ബുക്ക് നമ്പർ 8925,പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 4 | 1-15 | തൊഴിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തി നിരവധി സ്ഥാപനങ്ങൾ |
| 5 | 1-16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 6 | 1-17 | ലൈസൻസ് ഫീസിനൊപ്പം മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല |
| 7 | 1-18 | ഇറച്ചി ലേലം - ബഹു. ഹൈക്കോടതി നിർദ്ദേശങ്ങൾ പാലിയ്ക്കണം |
| 8 | 1-19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനതു ഫണ്ടിൽ മുതൽ കൂട്ടാവുന്നതാണ് |
| 9 | 1-20 | പഞ്ചായത്ത് വാഹനം പരിപാലിക്കുന്നതിലെ അപാകത |

| | | |
|---|---|---|
| 10 | 1-21 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് - സംയുക്ത പരിശോധന അനിവാര്യം |
| 11 | 1-22 | ഗ്രാമകേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങിയത് - വിതരണരേഖകൾ സൂക്ഷിച്ചിട്ടില്ല |
| 12 | 1-23 | തൊഴിൽ രഹിത വേതന ലിസ്റ്റ് കാലികമാക്കാതെ തുക പിൻവലിച്ചു |
| 13 | 1-24 | സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു |
| 14 | 1-25 | ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങിയത് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല |
| 15 | 1-26 | സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യസ്തമായ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വാങ്ങി |
| 16 | 1-27 | പഠനോപകരണം വാങ്ങൽ - രേഖകൾ പൂർണ്ണമല്ല |
| 17 | 1-28 | ലൈബ്രറികളിലേക്ക് റാക്ക് വാങ്ങിയത് - പൂർണ്ണമായി വിതരണം ചെയ്തില്ല |
| 18 | 1-29 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തി |
| 19 | 1-30 | ഗാർഹിക കുടിവെള്ള കണക്ഷൻ - സബ്സിഡി അധികം അനുവദിച്ചു |
| 20 | 1-31 | മിച്ച ഫണ്ടില്ലാതെ പ്രോജക്ടുകൾക്കായി തനത് ഫണ്ട് ചെലവഴിച്ചു |
| 21 | 1-32 | കൃഷി ഓഫീസർ മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ലഭ്യമാക്കിയില്ല |
| 22 | 1-33 | കന്നുകുട്ടി പരിപാലനം - തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 23 | 1-34 | ഹരിതകർമ്മ സേനാംഗങ്ങൾക്ക് തുക നൽകി - കർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല |
| 24 | 1-35 | ബൾബ് സ്ഥാപിക്കൽ - കരാറുകാരന് ബൾബുകൾ നൽകിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 25 | 1-36 | ആശ്രയ ഗുണഭോക്താക്കൾ അവഗണനയിൽ |
| 26 | 1-37 | ഗ്രാമകേന്ദ്രം ഇലക്ട്രിഫിക്കേഷൻ - എം ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 27 | 1-38 | ലൈഫ് ഭവന പദ്ധതി അവലോകനം |
| 28 | 1-39 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - പദ്ധതി നടത്തിപ്പിൽ അധികൃതരുടെ മേൽ നോട്ടം അനിവാര്യം |
| 29 | 1-40 | കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് - |
| 30 | 1-41 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ - |
| ഭാഗം 2 | | |
| ഇല്ല | | |
| 31 | 3-1 | സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു |
| 32 | 3-2 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തി |
| 33 | 3-3 | ഗാർഹിക കുടിവെള്ള കണക്ഷൻ - സബ്സിഡി അധികം അനുവദിച്ചു |
| 34 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 35 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 36 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 26.02.2019

തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | തൻവർഷ വരവ് | | തൻവർഷ ചെലവ് | |
|---|---|---|---|---|
| | പ്രാഥമിക ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം | പ്രാഥമിക ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| ബജറ്റ് പ്രകാരം | 171611820 | 156314944 | 170475000 | 153712760 |
| വാർഷിക കണക്ക് പ്രകാരം | - | 63362639 | - | 57189630 |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ പുതുക്കിയ പഞ്ചായത്ത് മാന്വലിലും കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിലും അനുശാസിക്കുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഘടകസ്ഥാപന മേധാവികൾ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകിയിട്ടില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
3. വികസന കാര്യം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
4. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടത്തിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 <u>വാർഷിക ധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 07.05.2019 |

## 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2018-19 | KSA-ALP-P1-531(A)/2019<br>തീയതി, 24.06.2019 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 <u>സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)</u>

| | |
|---|---|
| മുന്നിരിപ്പ് | 5535861 |
| വരവ് | 63362639 |

| | |
|---|---|
| ആകെ | 68898500 |
| ചെലവ് | 57189630 |
| നീക്കിയിരിപ്പ് | 11708870 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 15792000 | 15792000 | 11825068 | 3966932 |
| വികസനഫണ്ട് എസ്.സി.പി | 0 | 4764000 | 4764000 | 3390419 | 1373581 |
| വികസനഫണ്ട് ടി.എസ്.പി | 0 | 67000 | 67000 | 5880 | 61120 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6606000 | 6606000 | 6601045 | 4955 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3029000 | 3029000 | 2181920 | 847080 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8739293 | 8739293 | 6059702 | 2679591 |
| പെർഫോമൻസ് ഇൻസെന്റീവ് | 0 | 336600 | 336600 | 0 | 336600 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 87176764 | 120 | 40578000 | 73 | 3 | 61 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 738353 | 624070 | 1362423 | 1326758 | 35665 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23329293 | 23329293 | 23329293 | 0 |
| ആകെ | 738353 | 23953363 | 24691716 | 24656051 | 35665 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 85440 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 13809700 | 1178 |
| വിധവാ പെൻഷൻ | 6366800 | 542 |
| | | |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 18071000 | 1583 |
| വികലാംഗ പെൻഷൻ | 3497200 | 277 |
| അവിവാഹിത പെൻഷൻ | 325600 | 29 |
| | | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13515/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പഞ്ചായത്തിന് 2014-15 വർഷം ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പുതിയ വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചകളോ, അഭിപ്രായങ്ങളോ ഉണ്ടാകുന്നില്ല. അതുകൊണ്ടു തന്നെ പരമ്പരാഗത വരുമാന മാർഗ്ഗങ്ങളായ കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയവ തന്നെയാണ്പ്രധാന വരുമാന സ്രോതസ്സുകൾ.
2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ തുടങ്ങിയവ കൃത്യമായ രീതിയിൽ ചുമത്തി ഈടാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതു മൂലം സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. പഞ്ചായത്തിൽ വ്യാപാരം നടത്തുന്ന എല്ലാ സ്ഥാപന ഉടമകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കുന്നതിനായി പഞ്ചായത്തിനെ സമീപിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രം തുക ഈടാക്കുന്ന രീതിയാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയൊഴികെയുള്ള വരുമാനം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല.
3. 1998-99 മുതൽ 2014-15 വരെയുള്ള വിവിധ ഡെപ്പോസിറ്റുകൾ ഇപ്പോഴും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതെ അവശേഷിക്കുന്നതായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ആയത് 3 വർഷം മുൻപുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടണമെന്ന നിയമത്തിന് വിരുദ്ധമാണ്. 3 വർഷം മുൻപുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല. സ്റ്റേഷനറികൾ ടെണ്ടറുകൾ വിളിച്ച് ഒരുമിച്ച് വാങ്ങാതെ ആവശ്യാനുസരണം വാങ്ങുന്ന സമ്പ്രദായമാണ് തൻവർഷം നടത്തിയിട്ടുള്ളതെന്നു കാണുന്നു. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റും തയ്യാറാക്കപ്പെടുന്നില്ല.
5. വിവിധ ആസ്തികളുടെ വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബൊലേറെ ജീപ്പിന്റെ (KL-0Z-7671) ലോഗ് ബുക്ക് എഴുതുന്നതിലും അപാകതയുണ്ട്. ഓഡിറ്റ് കാലയളവായ 2018-19 ൽ ഇന്ധനക്ഷമത തെളിയിക്കുന്ന സാക്ഷ്യപത്രം ക്ഷമതയുള്ള അധികാരികളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ തുടങ്ങിയവ 12/2018 മുതൽ മാത്രമെ എഴുതി സൂക്ഷിച്ചിട്ടുള്ളൂ.
7. തനതുഫണ്ട് അക്കൗണ്ട് സൂക്ഷിച്ചിരിക്കുന്നത് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ എടത്വാ ശാഖയിലാണ്. 31-3-2019 ൽ 2544087.00 രൂപ നീക്കിയിരുപ്പുണ്ടെങ്കിലും ആയത് കറന്റ് അക്കൗണ്ടായി നിലനിർത്തിയിരിക്കുന്നത് മൂലം പലിശയിനത്തിൽ വൻ നഷ്ടം ഉണ്ടാകുന്നു.
8. ആസ്തി രജിസ്റ്റർ കാലികമാക്കി ,സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

9. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2020 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.01.2020 | 2017-18,2018-19 | ലഭിച്ചിട്ടില്ല |

## 1-12 <u>വാർഷിക കണക്കിലെ അപാകതകൾ</u>

KSA-ALP-P1-531(A)/2019 തീയതി, 24.06.2019 – ൽ പരാമർശിച്ചിട്ടുള്ള അപാകതകളിൽ ചുവടെ ചേർത്തിട്ടുള്ളവ ഒഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്. ആയതിന് 19-02-2020 ൽ ലഭിച്ച മറുപടിയുടെ വിവരം വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

1. <u>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</u> - വാർഷിക കണക്ക് സമർപ്പിച്ച കഴിഞ്ഞതിനാൽ ക്രമ നമ്പർ 1, 3 എന്നിവയിൽ രേഖപ്പെടുത്തിയിരുന്ന അപാകതകൾ പരിഹരിക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇവയൊഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്.
2. <u>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്-</u> വാർദ്ധക്യ കാല പെൻഷൻ വിവരങ്ങൾ ഉൾപ്പെടാതിരുന്നത്, ജേണൽ എൻട്രി ഇട്ടപ്പോൾ ഡെബിറ്റിലും ക്രെഡിറ്റിലും ഒന്നിൽ തുടങ്ങുന്ന ഹെഡ്ഡുകൾ തന്നെ രേഖപ്പെടുത്തിയത് മൂലമാണ് ഈ അപാകത ഉണ്ടായിട്ടുള്ളത്. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് സമർപ്പിച്ച കഴിഞ്ഞതിനാൽ അപാകതകൾ പരിഹരിക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.
3. <u>ബാലൻസ് ഷീറ്റ്</u>-അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ അപാകത നിലനിൽക്കുന്നു.

# 1-13 ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിന് പലിശ ലഭിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട്, ജില്ലാ സഹകരണ ബാങ്കിന്റെ എടത്വ ശാഖയിലെ 40081101000026 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. പാസ് ബുക്ക് പരിശോധിച്ചതിൽ മാസം ശരാശരി 5 ലക്ഷം രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ അക്കൗണ്ട് കറന്റ് അക്കൗണ്ടായാണ് നില നിർത്തിയിരിക്കുന്നത്. എന്നാൽ പലിശയിനത്തിൽ പഞ്ചായത്തിന് തുക യൊന്നും ലഭിച്ചിട്ടില്ല. വൻ സാമ്പത്തിക നഷ്ടമാണ് ഈ ഇനത്തിൽ പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1, തീയതി 12/02/2020) മറുപടി ലഭിച്ചില്ല.

നാഷണലൈസ്ഡ് ബാങ്കുകളിലോ, സഹകരണ ബാങ്കിൽ തന്നെയോ സേവിംഗ്സ് അക്കൗണ്ടായി തനത് ഫണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നുവെങ്കിൽ പലിശ ഇനത്തിൽ നല്ലൊരു തുക പഞ്ചായത്തിന് വരുമാനമായി ലഭിക്കുമായിരുന്നു. ടി അക്കൗണ്ടിൽ നിൽക്കുന്ന തുക നാഷണലൈസ്ഡ് ബാങ്കുകളിൽ ലഭ്യമാകുന്ന സ്വീപ്പ്-ഇൻ-സ്വീപ്പ്-ഔട്ട് പോലെയുള്ള ഹ്രസ്വകാല നിക്ഷേപങ്ങളിലേക്ക് യഥേഷ്ടം നിക്ഷേപിക്കുവാൻ കഴിയുമായിരുന്നു. ടി തുകയ്ക്ക് കൂടിയ നിരക്കിൽ പലിശയും ലഭിക്കുമായിരുന്നു. ഇങ്ങനെ നിക്ഷേപിക്കുന്ന പണം എപ്പോൾ വേണമെങ്കിലും പഞ്ചായത്തിന് പിൻവലിക്കുകയുമാവാം. ഇങ്ങനെയുള്ള നിരവധി സൗകര്യങ്ങൾ ഉണ്ടായിരിക്കെ,

അതൊന്നും ഉപയോഗിക്കാതെ പഞ്ചായത്തിന് പലിശയിനത്തിൽ യാതൊരു വരുമാനവും ലഭിക്കാത്ത കറന്റ് അക്കൗണ്ടായി തനത് ഫണ്ട് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു. ടി അക്കൗണ്ട് എസ്സ്.ബി അക്കൗണ്ടായി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 കളക്ഷന് നൽകിയ മാനുവൽ രസീത് ബുക്ക് നമ്പർ 8925,പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2018-19 വർഷം പഞ്ചായത്തിൽ കളക്ഷനുവേണ്ടി ഉപയോഗിച്ച മാനുവൽ രസീത് ബുക്ക് നമ്പർ 8925, 26.03.19-ാം തീയതി, രജിത.പി, ക്ലർക്ക്-ന് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി (നമ്പർ 33, തീയതി 20/02/2020) നൽകിയിട്ടും ടി ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല. ടി രസീത് ബുക്ക് അടിയന്തരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 തൊഴിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തി നിരവധി സ്ഥാപനങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 249 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്ക് ആ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോട് സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതും, അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ചുമത്താവുന്നതുമാണ്.

2018-19 കാലയളവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിയമാനുസൃതം അടയ്ക്കേണ്ട നികുതികൾ അടച്ചിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ചതിന്റെ വിവരവും ലഭ്യമായിട്ടില്ല.

1. ജീവനക്കാരുടെ തൊഴിൽ നികുതി

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| പോസ്റ്റ് ഓഫീസ്, എടത്വാ | 1, 2 |
| പോസ്റ്റ് ഓഫീസ്, പാണ്ടങ്കരി | 1 |
| ഡോക്ടേഴ്സ് ക്ലിനിക്ക് | 1, 2 |
| പോസ്റ്റ് ഓഫീസ്, കൊട്ടപ്പുന്ന | 1, 2 |

2. സ്ഥാപന നികുതി

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ലിസ് ലിയോ ഇൻഡേൻ സർവ്വീസ് |
| 2 | സെന്റ് ജോർജ്ജ് ഫ്യൂവൽസ് |
| 3 | ബ്ലൂംസ് ഹോളിഡേയ്സ് |

3. 2017-18 ലെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2018-19 കാലയളവിൽ ഈടാക്കിയിട്ടില്ല.

(i) കെവിൻ മോട്ടോഴ്സ്

(ii) ബ്ലൂംസ് ഹോളിഡേയ്സ്

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/14.02.2020) നല്കിയ മറുപടിയിൽ നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തിയ സ്ഥാപനങ്ങളിന്മേൽ ഏതെങ്കിലും നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2018-19 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു(എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചേർക്കുന്ന കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര്/വിലാസം |
|---|---|
| 1 | തോമസ് ആന്റണി, മണ്ണാരപറമ്പിൽ, ചങ്ങങ്കരി |
| 2 | ആന്റോ അൽഫോൺസ്, അൽഫോൺസ് വില്ല, പാണ്ടങ്കരി |
| 3 | രമേഷ്.വി.ദേവ്, തൈഭാഗം ആനപ്രമ്പാൽ |
| 4 | ഫ്രാൻസിസ് തോമസ്, കല്ലുപുരയ്ക്കൽ, തലവടി |
| 5 | ഷൈലേഷ് കുമാർ, ഹരിശ്രീനിലയം, മണ്ണാർക്കാട് |
| 6 | തോമസ് പ്രസാദ് ഏബ്രഹാം, പുത്തൻ പുരയ്ക്കൽ, തലവടി |
| 7 | ടെഡി സക്കറിയ, ചേന്നംകര, എടത്വാ |
| 8 | സെൽവിൻ തോമസ്, വാലാംപറമ്പിൽ, എടത്വാ |
| 9 | ആന്റണി തോമസ് |
| 10 | തമ്പി ആന്റണി |

ഒരു അർദ്ധ വർഷത്തിൽ ഈടാക്കേണ്ട നികുതി 1250/- രൂപ എന്ന കണക്കിൽ പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണവും, ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.9/15.02.2020-ന് മറുപടി ലഭ്യമാക്കിയില്ല.

കരാറുകാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-17 ലൈസൻസ് ഫീസിനൊപ്പം മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല

2018-19 കാലയളവിലേക്ക് ലൈസൻസിന് അപേക്ഷ സമർപ്പിച്ച ചുവടെ പേരു ചേർക്കുന്ന വ്യാപാരികളിൽ/ സംരംഭകരിൽ നിന്നും 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 17, 18 പട്ടിക III പ്രകാരം ഈടാക്കാമായിരുന്ന മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സംരംഭകന്റെ പേര് / സ്ഥാപനം | സംരംഭം | മോട്ടോറിന്റെ കുതിര ശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | സി.ചാണ്ടി,<br>വാലയിൽ സോമില്ല് | തടി മില്ല് | 38 | 400 |
| 2 | സോജ ജോസഫ്,<br>എം.ജെ.എം.ഇൻഡസ്ട്രീസ് | ഹോളോബ്രിക്സ് | 10 | 100 |
| 3 | രമണി.ഡി,<br>ആയി റാം ഫ്യൂവൽസ് | പെട്രോൾ പമ്പ് | 3 | 50 |
| 4 | പി.എം.സ്കറിയ,<br>പുത്തൻ പുരയ്ക്കൽ സോമില്ല് | തടി മില്ല് | 38.5 | 400 |
| 5 | എബി കുര്യൻ,<br>കാട്ടുംബാഗം ഫ്യൂവൽസ് | പെട്രോൾ പമ്പ് | 7 | 100 |
| 6 | ജോസഫ് തോമസ്,<br>ട്വിൻസ് ഇൻഡസ്ട്രീസ് | സിമന്റ് ബ്രിക്സ് | 10 | 100 |
| 7 | ചെറിയാൻ ജോർജ്ജ്,<br>സെന്റ് ജോർജ്ജ് ഫ്യൂവൽസ് | പെട്രോൾ പമ്പ് | (മോട്ടോറിന്റെ കുതിരശക്തി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല) | - |

നിയമാനുസൃതം ഈടാക്കാവുന്ന ഫീസ് ഈടാക്കാതെ ലൈസൻസ് നൽകിയത് ക്രമ പ്രകാരമുള്ള നടപടിയല്ല. ഇതു മൂലം പഞ്ചായത്തിന് ലഭിക്കാമായിരുന്ന വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. ഈ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/14.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ മോട്ടോർ ഫീസ് ഈടാക്കാൻ സ്വീകരിക്കുന്ന നടപടികളെപ്പറ്റി പ്രതിപാദിച്ചിട്ടില്ല. യന്ത്ര ശക്തിയാൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസികളിൽ നിന്നും യന്ത്രങ്ങളുടെ കുതിര ശക്തിക്ക് അനുസൃതമായി മോട്ടോർ ഫീ കൂടി ലൈസൻസ് ഫീസിനൊപ്പം ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഇറച്ചി ലേലം - ബഹു. ഹൈക്കോടതി നിർദ്ദേശങ്ങൾ പാലിയ്ക്കണം

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന സ്രോതസ്സുകളിൽ ഒന്നാണ് ഇറച്ചി വിൽപ്പന ലേലം. മൃഗങ്ങളെ കശാപ്പുചെയ്തു വിൽപ്പന നടത്തുന്നതിന് വ്യക്തമായ ഉത്തരവുകളും തദനുസൃതമായ മാർഗ്ഗ നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ A3-424/19/28.02.2019 നമ്പർ ലേലപ്പരസ്യ നോട്ടീസിലെ 6-ാം വ്യവസ്ഥയിൽ ഇറച്ചി വിൽപ്പനയ്ക്കുള്ള അവകാശം ലേലം കൊള്ളുന്നവർ ലൈസൻസുള്ള കശാപ്പുശാലയിൽ നിന്നും ശേഖരിക്കുന്ന ഭക്ഷ്യയോഗ്യമായ മാംസം മാത്രം വിൽപ്പന നടത്തണമെന്നും 7-ാം വ്യവസ്ഥയിൽ മീറ്റ് സ്റ്റാൾ ലേലം പിടിക്കുന്നവർ അംഗീകൃത കശാപ്പ് ശാലയിൽ നിന്നും സാക്ഷ്യ പത്രം ഹാജരാക്കണമെന്നും നിഷ്കർഷിക്കുന്നു.

ഇറച്ചി ലേലം സംബന്ധിച്ച് വ്യക്തമായ ഉത്തരവുകൾ നിലനിൽക്കെ അവ പാലിച്ചുകൊണ്ടാണോ ഗ്രാമ പഞ്ചായത്തിൽ ഇറച്ചി വിൽപ്പന ലേലം നടത്തിയതെന്നും, പഞ്ചായത്തിന് സ്വന്തമായ സ്ലോട്ടർ ഹൗസ് ഇല്ലാത്ത സാഹചര്യത്തിൽ നോട്ടീസിലെ വ്യവസ്ഥകൾ പാലിക്കുന്നവർ എന്ന് പഞ്ചായത്തിന് ബോധ്യമുള്ളവർക്കാണോ ലേലം ഉറപ്പിച്ചു നൽകിയതെന്നും അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 23/17.02.20 നൽകിയതിന് നിലവിൽ ക്രമക്കേടുകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് മറുപടി നൽകി.

ഭക്ഷ്യ ജന്യമായ അസുഖങ്ങൾ വ്യാപകമായ സാഹചര്യത്തിൽ ഇറച്ചി വിൽപ്പനയുടെ ലേല നടപടികളും ലൈസൻസ് നല്കലും നിയമം അനുശാസിയ്ക്കും പ്രകാരം കർശനമാക്കേണ്ടതാണ്. വിഷയം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനതു ഫണ്ടിൽ മുതൽ കൂട്ടാവുന്നതാണ്

2018-19 വാർഷിക കണക്ക് ഷെഡ്യൂൾ B-7 പ്രകാരം വിവിധ ഇനങ്ങളിൽ 1,101,645/- രൂപ ഡെപ്പോസിറ്റിനത്തിൽ നീക്കിയിരിപ്പുണ്ട്. ഇതിൽ 5,24,763/- രൂപ 1998-99 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഡെപ്പോസിറ്റായി പഞ്ചായത്തിന് ലഭിച്ച തുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വർഷം | തുക |
|---|---|---|
| സപ്ലൈയേഴ്സ് എസ്.ഡി | 2013-14 | 11950 |
| | 2014-15 | 2055 |
| ബിഡ്ഡേഴ്സ് ഇ.എം .ഡി | 2011-12 | 22500 |
| | 2014-15 | 62450 |
| സപ്ലൈയേഴ്സ് ഇ.എം .ഡി | 2013-14 | 1250 |
| | 2014-15 | 4970 |
| ബിഡ്ഡേഴ്സ് എസ്.ഡി | 1998-99 | 157500 |
| | 1999-2000 | 37500 |
| | 2000-01 | 45000 |
| | 2005-06 | 32550 |
| | 2013-14 | 3000 |
| | 2014-15 | 105000 |
| കോൺട്രാക്റ്റേഴ്സ് ഇ.എം.ഡി | 2014-15 | 1500 |
| കോൺട്രാക്റ്റേഴ്സ് എസ്.ഡി | 2014-15 | 100 |
| മറ്റു ഡെപ്പോസിറ്റ് | 2012-13 | 1550 |
| | 2013-14 | 33638 |
| വാടക ഡെപ്പോസിറ്റ് | 2012-13 | 2250 |
| | ആകെ | 5,24,763 /- |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 ആർട്ടിക്കിൾ 37 നോട്ട് ii ലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതു ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.

മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം. 12/15.02.2020 ന് നല്കിയ മറുപടിയിൽ, 1998-99 മുതൽ 2014-15 വരെ ബിഡേഴ്സ് സെക്യൂരിറ്റി ഇനത്തിൽ ലഭിച്ച 3,80,550/- രൂപ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ സെക്യൂരിറ്റി ഡിപ്പോസിറ്റാണെന്നും അതു കഴിച്ചുള്ള 1,44,213/-രൂപ തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചു. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 പഞ്ചായത്ത് വാഹനം പരിപാലിക്കുന്നതിലെ അപാകത

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബോലേറോ ജീപ്പിന്റെ (KL-04 J 7671) ലോഗ് ബുക്ക് എഴുതുന്നതിൽ അപാകത കാണുന്നു. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ ലോഗ് ബുക്കിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. മാത്രമല്ല ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തവും രേഖപ്പെടുത്തുന്നില്ല. പെട്രോൾ, ഡീസൽ, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും വിശദാംശം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവയും പരിപാലിക്കുന്നില്ല. മേൽ അപാകതകൾ ഒഴിവാക്കി വാഹന പരിപാലനം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്നുറപ്പാക്കേണ്ടതാണ്.

## 1-21 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് - സംയുക്ത പരിശോധന അനിവാര്യം

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി യുടെ താരിഫ് പ്രകാരം പ്രതിമാസം എൺപതിനായിരത്തോളം രൂപയാണ് പഞ്ചായത്ത് അടയ്ക്കുന്നത്. തെരുവു വിളക്കിൽ നിലവിൽ സ്ഥാപിയ്ക്കാത്തതും ഊർജ്ജ ഉപഭോഗം കൂടിയതുമായ ഓർഡിനറി ബൾബിന്റെ ചാർജ്ജുൾപ്പടെയാണ് താരിഫ് തയ്യാറാക്കുന്നത്. എന്നാൽ അടുത്ത സാമ്പത്തിക വർഷങ്ങളിലൊന്നും തന്നെ ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകൾക്കായി സാധാരണ ബൾബുകൾ വാങ്ങിയിട്ടില്ല. പകരം ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി ബൾബുകളാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകൾക്ക് ബാധകമാകുന്ന വൈദ്യുതി ചാർജ്ജാണ് കെ.എസ്.ഇ.ബി. ഡിമാന്റ് ചെയ്യുന്നത്. പ്രസ്തുത തുക അടവ് വരുത്തുന്നതിലൂടെ യഥാർത്ഥത്തിൽ പഞ്ചായത്ത് അടക്കാൻ ബാധ്യസ്ഥമായ തുകയേക്കാൾ അധികം തുക ഒടുക്കുന്നതായിട്ടാണ് വ്യക്തമാകുന്നത്.

വിവിധ വർഷങ്ങളിലെ പദ്ധതികൾ പ്രകാരം പഞ്ചായത്തിൽ നിന്നും വാങ്ങി തെരുവു വിളക്കുകളിൽ സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി ബൾബുകളുടെ നിരക്ക് കണക്കാക്കിയിരുന്നുവെങ്കിൽ വളരെ കുറഞ്ഞ തുക മാത്രമേ വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുമായിരുന്നുള്ളൂ. വൈദ്യുതി ബോർഡുമായി ചേർന്ന് തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തനത്തിൽ ഉള്ള വിളക്കുകൾക്കു മാത്രം വൈദ്യുതി ചാർജ് അടയ്ക്കുവാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.5/14.02.2020ന് മറുപടി നല്കിയില്ല. സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ച് കറണ്ട് ചാർജ്ജ് ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ ഭരണ സമിതിയും സെക്രട്ടറിയും അറിയിച്ചു. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഗ്രാമകേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങിയത് - വിതരണരേഖകൾ സൂക്ഷിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ (പ്രോജക്ട് നം.S0016/19) പ്രോജക്ട് പ്രകാരം 2,3,7 വാർഡുകളിലെ ഗ്രാമകേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

a) സ്റ്റീൽ അലമാര (6.5x3,18/20 g), മേശ (3x2,18/20 g), ഓഫീസ് ചെയർ - റിവോൾവിംഗ് മീഡിയം ബാക്ക്, ആംലെസ് പ്ലാസ്റ്റിക് ചെയർ എന്നിവയാണ് റീ ടെന്റർ പ്രകാരം ആവശ്യപ്പെട്ടിരുന്നത്. ശബരി സ്റ്റീൽ ഫർണ്ണിച്ചർ,

പ്ലാസാ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ ടെന്റർ സമർപ്പിച്ചതിൽ പ്ലാസാ എന്റർപ്രൈസസാണ് കുറഞ്ഞ നിരക്കിലുള്ള ടെന്റർ നൽകിയത്. പ്ലാസ എന്റർപ്രൈസസ് ക്വോട്ടുചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | തുക |
|---|---|---|
| സ്റ്റീൽ അലമാര 18g | made of BP sheet | 6800 |
| | made of crca sheet | 8000 |
| | made of tata sheet | 8500 |
| സ്റ്റീൽ അലമാര 20g | made of BP sheet | 6400 |
| | made of crca sheet | 7200 |
| | made of tata sheet | 8000 |
| ടേബിൾ 18g | made of BP sheet | 2380 |
| | made of crca sheet | 2400 |
| | made of tata sheet | 2600 |
| ടേബിൾ 20g | made of BP sheet | 2280 |
| | made of crca sheet | 2320 |
| | made of tata sheet | 2520 |

ഇപ്രകാരം പ്ലാസാ എന്റർപ്രൈസസ് ക്വാട്ട് ചെയ്ത 20g ഉപകരണങ്ങൾക്കാണ് താരതമ്യേന വിലക്കുറവെങ്കിലും വില കൂടുതലുള്ള 18g ഉള്ള ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. സ്ഥാപനം ഹാജരാക്കിയ കാഷ് ബില്ലിൽ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടുമില്ല. ഇക്കാരണത്താൽ 18g ഉപകരണങ്ങൾ തന്നെയാണോ വാങ്ങിയത് എന്ന് വ്യക്തമല്ല.

b) ജി ഒ (എം എസ്)/112/2014തസ്വഭവ തീയതി. 25.6.14 ൽ പ്രകാരം ടി ഗ്രാമ കേന്ദ്രങ്ങൾ ഗ്രാമസഭാ ഓഫീസ് ആയി പ്രവർത്തിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഈ ഗ്രാമകേന്ദ്രങ്ങൾ ഉത്തരവ് പ്രകാരം പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

c) അലമാര, ടേബിൾ, റിവോൾവിംഗ് ചെയർ എന്നിവ 3 വീതവും 421 ആംലെസ് ചെയറുകളും വാങ്ങി സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും അവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/14.2.2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 1,80,320/- രൂപ (ചെക്ക് നം.2273042/24.12.18, ബിൽ നം.27/22.12.18) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-23 തൊഴിൽ രഹിത വേതന ലിസ്റ്റ് കാലികമാക്കാതെ തുക പിൻവലിച്ചു

2018-19 കാലയളവിലെ തൊഴിൽരഹിതവേതനം രണ്ടാം ഗഡു വിതരണത്തിനായുള്ള 49920/-രൂപ പിൻവലിച്ചത് സെക്രട്ടറിയുടെ ബിൽ നം. 37/18-19/12.03.19 പ്രകാരമാണ്. ജൂലൈ മാസത്തിലെ ആദ്യ വിതരണത്തിനു ശേഷം ചുവടെ പട്ടികയിൽ പേരു ചേർക്കുന്ന ഗുണഭോക്താക്കളുടെ ആനുകൂല്യ വിതരണം ക്ലോസ് ചെയ്തു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാർച്ചിൽ രണ്ടാം ഗഡു വിതരണത്തിനുള്ള ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഇവരുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ഇവർക്കായി തുക പിൻവലിയ്ക്കുകയും ചെയ്തിട്ടുണ്ട്.

| റോൾ നം. | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിൽ ക്ലോസ് ചെയ്ത തീയതി |
|---|---|---|
| 338 | മേരിമ്മ തോമസ് | 24.08.2017 |
| 367 | മഹേഷ്.എം | 19.07.2018 |
| 459 | അർച്ചന.എസ്.നായർ | 26.08.2017 |
| 460 | മറിയാമ്മ ജേക്കബ് | 30.08.2017 |
| 463 | റ്റിനു മോൻ മാത്യു | 29.08.2017 |

അധികമായി പിൻവലിച്ച തുക പിന്നീട് തിരികെ അടച്ചുവെങ്കിലും ആനുകൂല്യ വിതരണ ലിസ്റ്റ് കാലികമാക്കാതെ, അധികം തുക പിൻവലിച്ചത് ക്രമ പ്രകാരമുള്ള നടപടിയല്ല.

മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.21/17.02.2020 ന് നൽകിയ മറുപടിയിൽ ജോലിത്തിരക്കു മൂലം ലിസ്റ്റ് ക്രമപ്പെടുത്തുവാൻ സാധിച്ചില്ലെന്നും അധിക തുക വിതരണം ചെയ്തിട്ടില്ലെന്നും അറിയിച്ചു. അനർഹരെ ഒഴിവാക്കി ലിസ്റ്റ് കാലികമാക്കി അതിന് അനുസൃതമായി മാത്രം തുക പിൻവലിയ്ക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

# 1-24 സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

ജി എൽ പി എസ്, ചങ്ങങ്കരി പ്രധാനാദ്ധ്യാപകൻ നിർവ്വഹണം നടത്തിയ എൽ.പി, യു.പി വിദ്യാർത്ഥികൾക്ക് ബാഗും കുടയും (പ്രോജക്ട് നം. S0203/19) പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

a) സ.ഉ.(കൈ) നം. 22/18/തസ്വഭവ. തീയതി, 14.2.18) സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കൊഴികെ മറ്റ് വിഭാഗങ്ങളിൽപെടുന്നവർക്ക് സ്കൂൾ ബാഗ്, കുട എന്നിവ സബ്സിഡിയായി നൽകാവുന്നതല്ല. എന്നാൽ മേൽപ്രോജക്ട് പ്രകാരം ജനറൽ, എസ് സി വിഭാഗങ്ങളിലെ കുട്ടികൾക്ക് നൽകുന്നതിനാണ് സ്കൂൾ ബാഗ്, കുട എന്നിവ വാങ്ങിയിട്ടുള്ളത്.

b) ബാഗ്, കുട ഇവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ ഓസ്റ്റിൻ അസോസിയേറ്റ്സിൽ നിന്ന് 334.90 രൂപ നിരക്കിലുള്ള ബാഗും 231.28 രൂപ നിരക്കിലുള്ള കുടയും വാങ്ങുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ ചുവടെ ചേർക്കും പ്രകാരം വ്യത്യസ്ത നിരക്കിലും അളവിലുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

| ഇനം | കുട്ടികളുടെ എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| ചെറിയ ബാഗ് | 228 | 265 | 60420 |
| കുട | 228 | 231 | 52668 |
| ബാഗ് | 442 | 334 | 147628 |
| കുട | 442 | 330 | 145860 |
| | | | |

| ആകെ | | | 406396 |
|---|---|---|---|

(ആകെ ബിൽ തുക 4,06,576/- രൂപയാണെങ്കിലും 4,00,000/- രൂപയാണ് (ബിൽ നം.8/18-19/29.1.19) ചെലവഴിച്ചിട്ടുള്ളത്). കമ്മറ്റി തീരുമാനിച്ചിരുന്ന നിരക്കിൽ നിന്ന് വ്യത്യസ്തമായിട്ടാണ് വാങ്ങൽ നടത്തിയത്.

c) ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കൊണ്ടുള്ള സ്കൂൾ രേഖകൾ ഒഴികെ അപേക്ഷകൾ, അർഹതാ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വാങ്ങിയ ഉപകരണങ്ങൾ സ്കൂൾ പ്രധാനാദ്ധ്യാപകർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

d) സ്കൂൾ ബാഗ്, കമ്മിറ്റി അംഗീകരിച്ച നിരക്കായ 334.90 രൂപ എന്ന നിരക്കിലും താഴ്ന്ന നിരക്കിൽ വാങ്ങിയപ്പോൾ 442 കുടകൾക്ക് അംഗീകരിച്ച നിരക്കിലും അധികം തുക ചെലവഴിക്കേണ്ടി വന്നു. ഇപ്രകാരം കുടയുടെ വിലയിനത്തിൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
കുട്ടികളുടെ എണ്ണം x കമ്മിറ്റി അംഗീകരിച്ച നിരക്ക് = 442x231.28 = 102226/-
കുടയുടെ വിലയിനത്തിൽ നൽകിയത് = 442x330 = 145860/-
അധികം നൽകിയത് = 145860-102226 = 43634/-
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സബ്സിഡി മർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 4,00,000/- രൂപയിൽ ഖണ്ഡികയിൽ മേൽ രേഖപ്പെടുത്തിയ പ്രകാരം നിരാകരിച്ച 43,634/- രൂപ കിഴിച്ച് 3,56,366/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-25 ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങിയത് - വിതരണ രേഖകൾ ലഭ്യമാക്കിയില്ല

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എടത്വ ഗ്രമപഞ്ചായത്ത് ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങുന്നതിനായി സ്പിൽ ഓവർ പ്രോജക്ട് (നം. S0149/19) നടപ്പാക്കിയിരുന്നു. ഇത് പ്രകാരം ബുക്ക് മാർക്കിൽ നിന്നും വാങ്ങിയ 30,000/- രൂപ (ബിൽ നം. ലഭ്യമല്ല) യുടെ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. വിതരണരേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 11/15.2.2020)നൽകിയിരുന്നെങ്കിലും മറുപടിയോ വിതരണ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ 30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-26 സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യസ്തമായ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വാങ്ങി

എച്ച് എം നിർവ്വഹണ ഉദ്യോഗസ്ഥനായി കോയിക്കൽ മുക്ക് ഗവ. എൽ പി എസിന് പ്രോജക്ടർ, സ്ക്രീൻ, ലാപ് ടോപ്പ്, പ്രിന്റർ വാങ്ങൽ (പ്രോജക്ട് നം. S0022/19), ചങ്ങങ്കരി ഗവ. എൽ.പി. സ്കൂളിന് പ്രോജക്ടർ, സ്ക്രീൻ, ലാപ് ടോപ്പ്, പ്രിന്റർ വാങ്ങൽ (പ്രോജക്ട് നം. S0028/19) എന്നീ പ്രോജക്ടുകൾ പ്രകാരം 90300 രൂപ വീതം ചെലവഴിച്ച് ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് പ്രോജക്ടർ, സ്ക്രീൻ, ലാപ് ടോപ്പ്, പ്രിന്റർ എന്നിവ പ്രസ്തുത സ്കൂളുകളിലേക്ക് വാങ്ങിയിട്ടുണ്ട്. സ.ഉ(സാധാ) 98/18പൊ.വി. വകുപ്പ് പ്രകാരം സ്മാർട് ക്ലാസ് റൂമുകളിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, വില എന്നിവ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിൽ നിഷ്കർഷിക്കുന്ന സ്പെസ്ഫിക്കേഷനോ വിലയോ ഉള്ള ഉപകരണങ്ങളല്ല വാങ്ങിയിട്ടുള്ളത്.

വാങ്ങിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാങ്ങിയ വില | സർക്കാർ ഉത്തരവ് പ്രകാരമുള്ള വില | റിമാർക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 6*4 ഇൻസ്റ്റാ ലോക്ക് സ്ക്രീൻ മാട്രിക്സ് | 5500 | 2200 | |
| ലാപ് ടോപ്പ് ഏസർ i3 | ~~36299~~ | ~~31000~~ | |
| സീലിഗ് മൗണ്ട് കിറ്റ് | 7000 | 4900 | സ്പെസിഫിക്കേഷൻ സർക്കാർ ഉത്തരവ് പ്രകാരമുള്ളത് |
| പ്രൊജക്ടർ വ്യൂ സോണിക് PA 503X | 41500 | 23860 | |

ഇപ്രകാരം വാങ്ങിയ ഒരു ഇനം ഒഴികെ മറ്റുള്ളവ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചത് പ്രകാരമുള്ളതല്ല. സ്കൂളുകളിലെ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷനിലും നിരക്കിലുമുള്ള വാങ്ങൽ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പഠനോപകരണം വാങ്ങൽ - രേഖകൾ പൂർണ്ണമല്ല

എച്ച് എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം വാങ്ങൽ സ്പിൽ ഓവർ പ്രോജക്ട് (SO 151/19) പ്രകാരം ശബരി സ്റ്റീൽ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് 84 കസേരകളും മേശകളും (കസേര @835, മേശ @1939) വാങ്ങിയിരുന്നു. ഒരു യൂണിറ്റിന് 2774/- രൂപ നിരക്കിൽ 233016/- രൂപ ബിൽ ബുക്കിൽ ചെലവഴിച്ചിരുന്നു. വിദ്യാർത്ഥികളുടെ അപേക്ഷകൾ, അർഹതാരേഖകൾ, വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.11/15.2.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ 2,33,016/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ബിൽ നം. 4/17-18 – ക്യാബിൽ ആയതിനാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല). രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ലൈബ്രറികളിലേക്ക് റാക്ക് വാങ്ങിയത് - പൂർണ്ണമായി വിതരണം ചെയ്തില്ല

എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എടത്വ ഗ്രാമപഞ്ചായത്ത് ലൈബ്രറികളിലേക്ക് റാക്ക് വാങ്ങൽ (S0150 /19) പ്രോജക്ട് പ്രകാരം പ്ലാസാ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് 21 റാക്കുകൾ 2790/- രൂപാ (ആകെ 58590/- രൂപ, ചെക്ക് നം. 2773083/28.3.19) നിരക്കിൽ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 12 റാക്കുകൾ മാത്രമേ ലൈബ്രറികൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്ന 9 റാക്കുകൾ വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.11/15.2.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിതരണ രേഖകൾ ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ 9 റാക്കുകൾക്കായി ചെലവഴിച്ച 25,110/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തി

വി ഇ ഓ നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രോജക്ട് (S0125/19) പ്രകാരം കട്ടിൽ വാങ്ങിയതിലും വിതരണം ചെയ്തതിലും അപാകതകൾ ഉള്ളതായി കാണുന്നു.

1) കട്ടിൽ വാങ്ങിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

a) ഒരു വാർഡിൽ 5 കട്ടിൽ വീതം 15 വാർഡുകളിലേക്കായി 1.98m നീളവും 90cm വീതിയും മുൻകാലിന് 60cm ഉം പിൻകാല് 50cm ഉം നീളമുള്ളതും 8mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിൽ പണിത 75 കട്ടിലുകൾ

വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഇതിനായി ടെന്റർ ക്ഷണിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ടെന്ററുകൾ ഹാജരാക്കിയിട്ടുണ്ട്.

| സ്ഥാപനം | നിരക്ക് |
|---|---|
| സ്വാതി വുഡ് ഇൻഡസ്ട്രീസ്സ് | 3650 +18%gst |
| ദിയാഫർണ്ണിച്ചർ | 3500+18%gst |
| ലിംറാ ഫർണ്ണിച്ചർ | 3670 |
| പ്ലാസാ എന്റർപ്രൈസസ് | 3680 [3 ½" x 1 ½" x 1" (തടിയുടെ കനം)]<br>3880 [3 ¾" x 1 ¾" x 1 ¼" (തടിയുടെ കനം)]<br>4280 [4" x 2" x 1 ¼" (തടിയുടെ കനം)] |
| തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് | 3598 [198cm x 90cm x 60 (ആഞ്ഞിലി/മഹാഗണിയിൽ പണിത കട്ടിൽ)<br>3898 [ISO മാർക്കുള്ള പ്ലൈവുഡിൽ തറച്ച കട്ടിൽ (ആഞ്ഞിലി/മഹാഗണിയിൽ പണിത കട്ടിൽ)]<br>3498 [പലക തറച്ച് പണിത കട്ടിൽ (ആഞ്ഞിലി/മഹാഗണിയിൽ പണിത കട്ടിൽ)]<br>4000 (തെങ്ങിൻ തടിയിൽ പണിത കട്ടിൽ) |

ഇവയിൽ ഏറ്റവും കുറഞ്ഞ ടെന്റർ ഹാജരാക്കിയത് തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം ഹാജരാക്കിയ 3498/- രൂപയുടെ ടെന്ററാണ്. എന്നാൽ ദിയ ഫർണ്ണിച്ചർ എന്ന സ്ഥാപനം ഹാജരാക്കിയ 4130/- രൂപയുടെ ടെന്റർ അംഗീകരിച്ച് 75 കട്ടിലുകളുടെ വില (309750/- രൂപ-ബിൽ നം.19/12.12.18-200000/-, ബിൽ നം.27/22.3.19-109750/-) നൽകിയിട്ടുണ്ട്. എന്നാൽ കുറഞ്ഞ ടെന്റർ ഹാജരാക്കിയ 3498/- രൂപയുടെ ടെന്റർ അംഗീകരിച്ചിരുന്നുവെങ്കിൽ 2,62,350/- രൂപ മാത്രമേ ചെലവഴിക്കേണ്ടിയിരുന്നുള്ളൂ. കുറഞ്ഞ നിരക്ക് ക്വോട്ടുചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്ക് നൽകാനുള്ള കാരണങ്ങൾ പർച്ചേസിംഗ് കമ്മറ്റിയോ, പഞ്ചായത്തു കമ്മറ്റിയോ വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം 47,400/- രൂപയുടെ (309750- 262350) അധികചെലവ് ഉണ്ടായിട്ടുണ്ട്.

2) വിതരണം നടത്തിയതിലെ അപാകതകൾ

a) സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 75 കട്ടിലുകൾ ലഭിച്ചിട്ടുണ്ടെങ്കിലും 4 ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയിട്ടില്ല.

b) ഉപകരണം കൈപ്പറ്റിയ ഭൂരിഭാഗം ഗുണഭോക്താക്കളും 60 വയസ്സിൽ താഴെയുള്ളവരാണ്. ഗുണഭോക്തൃ ലിസ്റ്റിലും ഇവർ തന്നെ ഉൾപ്പെട്ടിരിക്കുന്നു. 60 വയസ്സിനു മുകളിലുള്ള വ്യക്തികൾ കുടുംബാംഗങ്ങളായി റേഷൻ കാർഡിലുണ്ടെങ്കിലും ഇവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/19.2.2020) യാതൊരു മറുപടിയും ഹാജരാക്കാതിരുന്നതിനാൽ കൂടിയ ടെന്റർ അംഗീകരിച്ചതിനാലുണ്ടായ 47,400/- രൂപയുടെ നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാൽ അവശേഷിക്കുന്ന 2,62,350/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഗാർഹിക കുടിവെള്ള കണക്ഷൻ - സബ്സിഡി അധികം

# അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഓ

പ്രോജക്റ്റിന്റെ വിശദാംശങ്ങൾ: ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ) സ്പിൽ ഓവർ പ്രോജക്റ്റ് (നം. S0201/19)

<u>തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ</u>

| ബിൽ നം./ചെക്ക് നം. | തുക |
|---|---|
| ബിൽ നം.1/26.5.18 | 235000 |
| ബിൽ നം.2/11.6.18 | 30000 |
| ബിൽ നം. 13/16.11.18 | 7062 |
| ചെക്ക് നം.2273029/13.11.18 | 2938 |
| ആകെ | 275000 |

പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ ഗുണഭോക്താക്കളായി 53 അപേക്ഷകരുണ്ടെങ്കിലും 6 അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.
2. സബ്സിഡി മാർഗ്ഗ രേഖ സ.ഉ (എം.എസ്) നം.80/17/തസ്വഭവ. തീയതി, 30.04.2017 പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ പ്രകാരം ജനറൽ വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 5000 രൂപയാണ്. ഫിലിപ്പ് ജോസഫ് കളപ്പുരയ്ക്കൽ, എടത്വ (വാർഡ് 4), റീത്താമ്മ, മാടപ്പുരയ്ക്കൽ, തായങ്കരി (വാർഡ് 15) എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ, സബ്സിഡി വിതരണ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ടി ഗുണഭോക്താക്കൾക്ക് 10,000/- രൂപ വീതം നൽകിയിട്ടുള്ളതായി വ്യക്തമായി. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിലും അധികമായി 10,000/- രൂപ ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.32/20.2.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച 10,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അപേക്ഷകളും അർഹതാ രേഖകളും പൂർണ്ണമായി ഹാജരാക്കാതിരുന്നതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള 2,65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-31 മിച്ച ഫണ്ടില്ലാതെ പ്രോജക്ടുകൾക്കായി തനത് ഫണ്ട് ചെലവഴിച്ചു

1996-ലെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടം എന്നിവ പ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടുന്ന അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് സ്രോതസായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഒരു ആസൂത്രണം നടത്താതെ തന്നെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാമായിരുന്ന പ്രോജക്ടുകൾ തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, (S0033/19) | 300000 | വി ഇ ഓ |
| ലൈഫ് ഭവന പദ്ധതി, (S00141/19) | 3000 | വി ഇ ഓ |
| നെൽവിത്ത് സബ്സിഡി (S00100/19) | 198624 | കൃഷി ഓഫീസർ |

| | | |
|---|---|---|
| ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചർ (S0016/19) | 40320 | സെക്രട്ടറി |
| തെരുവ് വിളക്ക് എൽ ഇ ഡി ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, S00 18/19 | 24615 | സെക്രട്ടറി |
| ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, S0013/19 | 433130 | ഐ സി ഡി എസ് സൂപ്പർവൈസർ |

പഞ്ചായത്ത് രാജ് നിയമം, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ എന്നിവ നിഷ്കർഷിക്കും പ്രകാരം തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കൃഷി ഓഫീസർ മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ലഭ്യമല്ല

1) a) രേഖകൾ പ്രളയത്തിൽ നഷ്ടമായി

2018-19 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹതാ രേഖകളും 2019 വർഷമുണ്ടായ പ്രളയത്തിൽ നഷടപ്പെട്ടതായി കൃഷി ഓഫീസർ അറിയിച്ചിരുന്നു. എന്നാൽ രേഖകൾ നഷ്ടമായത് സംബന്ധിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർ, റവന്യൂ അധികാരികൾ, പഞ്ചായത്ത് കമ്മറ്റി എന്നിവരെ അറിയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2018-19 ൽ നടപ്പാക്കിയ പ്രോജക്ടുകൾ

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|
| ജീവാണുവളം പച്ചക്കറി കൃഷി ചെയ്യുന്ന വനിതകൾക്ക് പ്രോജക്ട് (നം.95/19 ) | 150000 രൂപ |
| നെൽ വിത്ത് സബ്സിഡി പ്രോജക്ട് (S0100/19) | 1143704 രൂപ |
| വനിതകൾക്ക് വാഴ വിത്ത് വിതരണം പ്രോജക്ട് (നം.105/19) | 180000 രൂപ |
| പട്ടികജാതി കുടുംബങ്ങൾക്ക് കിഴങ്ങ് കൃഷി കിറ്റ് പ്രോജക്ട് (നം.S0113/19) | 100000 രൂപ |
| നെൽകൃഷി കൂലിച്ചെലവ് സബ്സിഡി പ്രോജക്ട് (നം. S0108/19) | 251624 രൂപ |

b) 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെ ചേർത്തിട്ടുള്ള പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ ആഗസ്റ്റ് 2018 ലുണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടതായി കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ചുള്ള വിവരം പ്രിൻസിപ്പൽ കൃഷി ഓഫീസർ, റവന്യൂ അധികാരികൾ, ഗ്രാമപഞ്ചായത്ത് കമ്മറ്റി എന്നിവരെ അറിയിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക |
|---|---|
| നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി, S0152/19 | 49018 |
| വാഴകൃഷി വികസനം, 153/19 | 14385 |
| തെങ്ങും തൈ വിതരണം, 154/19 | 48878 |

പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിച്ചതിന്റെ രേഖകളും പരിശോധനാ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) വിവിധ നടീൽ വസ്തുക്കളും ജീവാണവളവും വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇതിന് പകരം നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളതിന്റെ വിതരണ സ്റ്റേറ്റ്മെന്റാണ് വിതരണരേഖയായി പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇത് ശരിയായ നടപടിയല്ല. വാങ്ങിയ വസ്തുക്കൾ സ്റ്റോക്കിലെടുത്ത് വിതരണ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ തന്നെ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-33 കന്നുകുട്ടി പരിപാലനം - തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജ്ജൻ മുഖേന നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 3,00,000/- രൂപ (ബിൽ നം.1/21.3.19) പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർക്ക് നൽകിയിരുന്നു. എന്നാൽ തുക വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/18.2.2020) സംസ്ഥാന വിഹിതം ലഭ്യമാക്കാൻ വൈകിയതിനാൽ 2020 ജനവരി മാസത്തിലാണ് പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണം ആരംഭിച്ചത് എന്നും വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ കഴിഞ്ഞില്ല എന്നും മറുപടി നൽകി. ഈ സാഹചര്യത്തിൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-34 ഹരിതകർമ്മ സേനാംഗങ്ങൾക്ക് തുക നൽകി - കർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഓ

ഹരിതകർമ്മ സേനയ്ക്കുള്ള വേതന വിതരണം പ്രോജക്ട് (നം. S0055/19) പ്രകാരം 25,500/- രൂപ (ബിൽ നം. 29/23.3.19) ഹരിതകർമ്മ സേനാംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഒരു അംഗത്തിന് 1500/- രൂപാ വീതം 17 പേർക്കാണ് തുക നൽകിയിട്ടുള്ളത്. ഹരിതകർമ്മ സേന രൂപീകരിച്ചതിന്റെയോ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ചോ ഉള്ള രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/19.2.2020) ഹാജരാക്കിയ മറുപടിയോടൊപ്പം 15 വാർഡുകളിലായി 30 ഹരിതകർമ്മ സേനാംഗങ്ങളെ നിയമിച്ചതിന്റെ ലിസ്റ്റ്, തീരുമാനം എന്നിവ ഹാജരാക്കിയിരുന്നു. എന്നാൽ കർമ്മസേനാംഗങ്ങൾ യൂസർഫീ പിരിച്ചതിന്റെയോ മറ്റ് പ്രവർത്തനങ്ങളുടെയോ രേഖകൾ ഹാജരാക്കിയിരുന്നില്ല. ആയതിനാൽ 25,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-35 ബൾബ് സ്ഥാപിക്കൽ - കരാറുകാരന് ബൾബുകൾ നൽകിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി തുക നൽകൽ (പ്രോജക്ട് നം.S0169/18)

പ്രോജക്ട് പ്രകാരം ഒരു പോസ്റ്റിൽ കയറി ബൾബ് സ്ഥാപിക്കുന്നതിന് 110/- രൂപ നിരക്കിൽ 352 ബൾബുകൾ സ്ഥാപിച്ചതിന് 38720/- രൂപയും അലുമിനിയം വയർ വാങ്ങിയതിന് 500/- രൂപയും ഉൾപ്പടെ 39,220/- രൂപ (ചെക്ക് നം.2273073/21.3.19) കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ പോസ്റ്റിൽ സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ കരാറുകാരന് നൽകിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/14.2.2020) തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററിൽ ചേർത്ത് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളതായി മറുപടി നൽകി. എന്നാൽ പ്രസ്തുത വിതരണ രജിസ്റ്റർ

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 39,220/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ആശ്രയ ഗുണഭോക്താക്കൾ അവഗണനയിൽ

സമൂഹത്തിൽ ഒറ്റപ്പെട്ടവരും നിരാലംബരുമായവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ഇവർക്ക് ആവശ്യമായ ഭക്ഷണം, മരുന്ന്, പാർപ്പിടം മുതലായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും അഗതി ആശ്രയ പരിചരണ പാക്കേജ് പ്രകാരം നൽകാവുന്നതാണ്. പദ്ധതിമാർഗ്ഗ രേഖകൾ പ്രകാരം ആശ്രയ പ്രോജക്ട് അനിവാര്യ വകയിരുത്തലിൽ ഉൾപ്പെടുന്നു. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ 1,00,000/- രൂപ ആശ്രയ പ്രോജക്ടിനായി വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും തന്നെ ചെലഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/17.2.2020) ആശ്രയ പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്ന് 35,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും രൂക്ഷമായ വെള്ളപ്പൊക്കം കാരണം ഈ തുക മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചതിനാൽ ആശ്രയ പ്രോജക്ടിനായി ഈ തുക ചെലവഴിക്കാൻ സാധിച്ചില്ല എന്നും റി ബിൽഡിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി എന്നും മറുപടി നൽകി.

എന്നാൽ 2012-13 വർഷം പട്ടികജാതി വനിതാവിഭാഗത്തിൽപെട്ട രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 2,50,000/- രൂപ വീതം 5,00,000/- രൂപ ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച തുക ആശ്രയ അക്കൗണ്ടിലേക്ക് കൈമാറാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപമായി തുടരുന്നു. ഈ തുക കൂടാതെ കുടുംബശ്രീ ബാങ്ക് അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ ആശ്രയ പദ്ധതിക്കായി നിക്ഷേപിച്ചിരുന്ന വികസനഫണ്ട് തുക 4,75,902/- രൂപയും ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നു. ഇപ്രകാരം 9,00,000/- രൂപയിലധികം ചെലവഴിക്കാതെ അവശേഷിക്കുമ്പോൾ പ്രളയാനന്തര ചെലവുകൾക്കായി തുക വക മാറ്റിയതിനാൽ ആശ്രയ പ്രോജക്ടിന് തുക ചെലവഴിക്കാൻ സാധിച്ചില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ലായെന്ന് കുടുംബശ്രീ ഹാജരാക്കിയ താഴെ പറയുന്ന കണക്കുകൾ വ്യക്തമാക്കുന്നു.

വീട് ആവശ്യമുള്ളവർ- 23

വീടും സ്ഥലവും ആവശ്യമുള്ളവർ - 1

വീട് മെയിന്റനൻസ്- 24

തനത് ഫണ്ടിൽ നിക്ഷേപമാക്കിയിട്ടുള്ള ജില്ലാപഞ്ചായത്ത് വിഹിതം ആശ്രയ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 25060106013750) മാറ്റേണ്ടതും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതോടൊപ്പം ആശ്രയ അക്കൗണ്ടിൽ നിക്ഷേപമായി അവശേഷിക്കുന്ന വികസനഫണ്ട് തുക 4,75,902/- രൂപ എന്ത് ആവശ്യത്തിനായാണ് നീക്കിവെച്ചത് എന്ന് പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തുക ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 ഗ്രാമകേന്ദ്രം ഇലക്ട്രിഫിക്കേഷൻ - എം ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്ത് വാർഡ് 3-ൽ ഗ്രാമകേന്ദ്രം ഇലക്ട്രിഫിക്കേഷൻ പ്രോജക്ട് (നം. S006/19) പ്രകാരം ഗ്രാമകേന്ദ്രം കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി ടെന്റർ ക്ഷണിച്ച് ബാലചന്ദ്രൻ.കെ.ആർ. എന്ന വ്യക്തിയ്ക്ക് 26.10.18 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിരുന്നു. പ്രസ്തുത കേന്ദ്രം ഇലക്ട്രിഫിക്കേഷൻ നടത്തിയതിന് 95,363/- (ബിൽ നം.29/16.1.19) രൂപ കരാറുകാരന് നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രവർത്തിയുമായി ബന്ധപ്പെട്ട എം.ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എം.ബുക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.3/14.2.2020) നൽകിയിരുന്നെങ്കിലും ലഭ്യമാക്കാതിരുന്നതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-38 ലൈഫ് ഭവന പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി ആനുകൂല്യത്തിന് അർഹരായ 63 പേരും കരാറിലേർപ്പെട്ടിരുന്നു. ഇവരിൽ 45 പേർ മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചത്. മറ്റ് ഗുണഭോക്താക്കൾ നിർമ്മാണം നടത്തിയതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| നിർമ്മാണം നടത്തിയതിന്റെ ഘട്ടം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവർ | 6 |
| ഫൗണ്ടേഷൻ | 8 |
| ലിന്റൽ | 4 |

നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത 6 പേരിൽ മുൻകൂറായി തുക കൈപ്പറ്റിയ 3 പേർ ഉൾപ്പെടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം |
|---|---|
| 1 | ഷേർളി സന്തോഷ്, പോളക്കൽ ചിറ |
| 2 | മഞ്ജു മോൾ, മുരളി സദനം |
| 3 | പരമേശ്വരൻ, 34 ൽ ചിറ |

മുൻകൂർ കൈപ്പറ്റിയതിന് ശേഷം നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനോ നിർമ്മാണം ആരംഭിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 413364 | 413364 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1389942 | 818395 | 571547 |
| പഞ്ചായത്ത് വിഹിതം | 392000 | 392000 | 0 |
| ഹഡ്കോ വായ്പ | 5135000 | 5135000 | 0 |

ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ ചെലവഴിക്കാത അവശഷിക്കുന്ന തുക പട്ടിക ജാതി വിഭാഗത്തിന് വേണ്ടി ചെലവഴിക്കാനുള്ളതാണ്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിനായി പ്രത്യേക പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ ഈ തുക പിൻവലിച്ചിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം അർഹരായ ഗുണഭോക്താക്കൾക്ക് നൽകി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - പദ്ധതി നടത്തിപ്പിൽ അധികൃതരുടെ മേൽ നോട്ടം അനിവാര്യം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കാലിത്തൊഴുത്ത് നിർമ്മാണം, ശൗചാലയ നിർമ്മാണം, തീറ്റപ്പുൽ കൃഷി നടപ്പാക്കുക, കയർഭൂവസ്ത്രം വിരിക്കൽ എന്നിങ്ങനെ വിവിധങ്ങളായ പ്രവൃത്തികൾ നടപ്പാക്കിയിരുന്നു. ഇവയുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്നില്ല

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നീർച്ചാലുകൾ സംരക്ഷിക്കുന്നതിനായി കയർഭൂവസ്ത്രം വിരിക്കൽ, തീറ്റപ്പുൽ കൃഷി നടപ്പാക്കുക എന്നീ പദ്ധതികളിൽ ക്ലിയറിംഗ് സർഫസ്, സർഫസ് ട്രസ്സിംഗ്, എർത്ത് വർക്ക് എക്സ്ക്കവേഷൻ എന്നിവ മാത്രമാണ് ഒട്ടു മിക്ക പ്രവൃത്തികളിലും നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം നടപ്പായിട്ടില്ല എന്നു മാത്രമല്ല എസ്റ്റിമേറ്റ് പെരുപ്പിച്ചു കാണിക്കുവാൻ മാത്രമേ ഇത് ഉപകരിക്കുന്നുള്ളൂ. മാത്രമല്ല പദ്ധതികൾ ഇപ്രകാരം ഉപേക്ഷിക്കപ്പെടുന്നത് മൂലം തൊഴിൽ ദിനങ്ങളിൽ ഗണ്യമായ കുറവും ഉണ്ടാകുന്നു.

2. പദ്ധതി പൂർണ്ണമായും നടപ്പാക്കാതെ ഡിസ്പ്ലേ ബോർഡിനു തുക അനുവദിക്കുന്നു

നീർച്ചാലുകൾ സംരക്ഷിക്കുന്നതിനായി കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട കയർ ഭൂവസ്ത്രം വാങ്ങുകയോ വിരിക്കുയോ ചെയ്തിട്ടില്ല എങ്കിലും ഡിസ്പ്ലേ ബോർഡിന് 3000/- രൂപ വീതം ഓരോ പ്രവൃത്തിക്കും പിൻവലിച്ച് നൽകുന്നുണ്ട്.

3. കയർ ഭൂവസ്ത്രം വാങ്ങുകയോ വിരിക്കുയോ ചെയ്യാതെ അതിലേക്കായി മുള ആണി തയ്യാറാക്കി, തുക അനുവദിച്ചു

വാർഡ്-2ൽ കൊട്ടാരം പാലം മുതൽ അമ്പല മുക്ക് വരെ കയർ ഭൂവസ്ത്രം ഉപയോഗിച്ചു സംരക്ഷിക്കൽ എന്ന പ്രവൃത്തിയിൽ കയർ ഭൂവസ്ത്രം വാങ്ങുകയോ വിരിക്കുയോ ചെയ്തിട്ടില്ല. ഈ പ്രവൃത്തിയക്ക് ആണി നിർമ്മിക്കുന്നതിനായുള്ള മുള സൈറ്റിൽ എത്തിച്ചതിനോ സ്റ്റാക്ക് ചെയ്തതിനോ തുക ചെലവഴിച്ചിട്ടില്ല. എന്നാൽ 25 cm നീളവും 25cm വ്യാസവുമുള്ള മുള ആണി നിർമ്മിക്കുന്നതിനായി ഒരെണ്ണത്തിന് 8.13 നിരക്കിൽ 600 എണ്ണത്തിന് 4878/- രൂപയും കുഴി എടുക്കുന്നതിനായി 198 $m^3$ ന് $29.2/m^3$ നിരക്കിൽ 5781/- രൂപയും അനുവദിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്രം വിരിക്കാതെ അതിലേക്കായി മുള ആണി നിർമ്മിച്ചതും കുഴി എടുത്തതും ക്രമ പ്രകാരമുള്ള നടപടി അല്ല.

4. അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ മൂല്യ നിർണ്ണയ തുക സെക്രട്ടറി പാസ്സാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. വാർഡ് 13ൽ തീറ്റപ്പുൽ കൃഷി ഘട്ടം3 എന്ന പ്രവൃത്തിയിൽ തീറ്റപ്പുൽ കൃഷി നടത്തിയതിന്റെ മൂന്നിരട്ടി സ്ഥലം വൃത്തിയാക്കി. സൈറ്റ് ക്ലിയറൻസ്, സർഫസ് ട്രസ്സിംഗ് എന്നിവ 5525 $m^2$ ആണ് ചെയതത്. എന്നാൽ തീറ്റപ്പുൽക്കട നട്ടത് 1710 $m^2$ സ്ഥലത്ത് (അളവു പുസ്തകം നം. 147/18-19) മാത്രമാണ്.

6. പല പ്രവർത്തികളുടെയും അളവു പുസ്തകം പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഒന്നോ രണ്ടോ ഇനങ്ങൾ മാത്രം പാർട്ട് ബില്ലായി അളവു രേഖപ്പെടുത്തി മൂല്യം നിർണ്ണയിക്കുകയും, തുടർന്ന് ചെയ്യുന്ന മറ്റ് ഇനങ്ങൾ വീണ്ടും പ്രത്യേകം അളവു രേഖപ്പെടുത്തി മൂല്യം നിർണ്ണയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ അവസാന ബിൽ പ്രകാരം ചെയ്ത പ്രവൃത്തികൾ, നാളിതു വരെ ചെയ്ത പ്രവൃത്തികൾ, ആകെ ചെയ്ത പ്രവൃത്തികൾ എന്നിങ്ങനെയുള്ള വിവരങ്ങൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകങ്ങളിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണം നം. 29/19.02.2020 ന് പ്രളയം മൂലം കയർ ഭൂവസ്ത്രം വിരിയ്ക്കൽ ഉൾപ്പടെയുള്ള പ്രവൃത്തികൾ പാതി വഴിയിൽ നിർത്തിവച്ച് അനിവാര്യമായ മറ്റു പ്രവൃത്തികൾ ഏറ്റെടുത്തെന്നും ജിയോ ടാഗിംഗിനായാണ് പ്രവൃത്തി പൂർത്തിയാകും മുൻപ് ബോർഡുകൾ സ്ഥാപിച്ചതെന്നും അറിയിച്ചു. തീറ്റപ്പുൽക്കടകളുടെ ലഭ്യതക്കുറവു മൂലമാണ് കുറഞ്ഞ വിസ്തൃതിയിൽ പ്രവത്തി നടത്തിയതെന്നും ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റ് അപാകങ്ങൾ പരിഹരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആക്ഷൻ പ്ലാൻ പ്രകാരം തന്നെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാൻ ശ്രദ്ധ ചെലുത്തേണ്ടതും കരാർ ജീവനക്കാർ മുഖേന നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ അധികൃതരുടെ മേൽ നോട്ടവും അനിവാര്യമാണ്.

# 1-40 കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് -

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എടത്വാ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 140624/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1%, കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം പഞ്ചായത്ത് തനത് ഫണ്ടിന് 1406/- രൂപ, നഷ്ടം സംഭവിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/12-02-2020) ലഭ്യമാക്കിയ മറുപടിയിൽ, തുടർന്നുള്ള വർക്കുകളിൽ നിന്നും ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-41 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ -

1. 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രേഖകൾ പ്രകാരം 122 പ്രൊജക്ടുകളായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 59 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത് (48% മാത്രം). ടി മേഖലയിൽ 50% ലേറെ തുക ചെലവഴിക്കപ്പെട്ടില്ല.
2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ

ച്ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ മത്സരം ഉറപ്പാക്കുന്നില്ല. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരിഭാഗം പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയതൊഴികെയുള്ള ഭൂരിഭാഗം ടെണ്ടറുകളിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും നാമമാത്രമായ തുക അധികം/കുറവ് രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കപ്പെടുന്നു. ടെണ്ടറിൽ പങ്കെടുക്കുന്നതു പോലും സ്ഥിരം പങ്കെടുക്കുന്ന കരാറുകാർ മാത്രമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്/വാർഡ് നം. | കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് | പരാമർശം |
|---|---|---|---|
| വേളാശ്ശേരി പടി മുതൽ വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ് വാർഡ്- 5 | ടെഡി സക്കറിയ | 0.01% കുറവ്. | |
| | തോമസ് ആന്റണി. | എസ്റ്റിമേറ്റ് നിരക്ക്. | |
| പതിനഞ്ചിൽ പടി മുതൽ ഓടേറ്റിൽ പടി വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ്- 7. | ഫ്രാൻസിസ് തോമസ്. | എസ്റ്റിമേറ്റ് നിരക്ക്. | |
| | രമേഷ്.വി.ദേവ്. | 0.01% കുറവ്. | |
| ഹോളി ഏഞ്ചൽസ് ചക്കാലയിൽ പടി മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. വാർഡ്- 8 | ഫ്രാൻസിസ് തോമസ്. | എസ്റ്റിമേറ്റ് നിരക്ക്. | |
| | രമേഷ്.വി.ദേവ്. | 0.01% കുറവ്. | |

മത്സരാധിഷ്ഠിത ടെണ്ടറുകൾ സമർപ്പിക്കുന്നതിലെ കരാറുകാരുടെ നാമമാത്രമായ സാന്നിദ്ധ്യം മൂലം ഗ്രാമപഞ്ചായത്തിന് മരാമത്തു പണിയുടെ നിർവ്വഹണത്തിൽ ചെലവുണ്ടായതായി കരുതാവുന്നതാണ്.

5. ചില പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, സെലക്ഷൻ നോട്ടീസിൽ നമ്പരും, അയയ്ക്കുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല എന്ന് കണ്ടു. കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയിട്ടുള്ളവയിൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

6. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

7. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166, പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും

തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ ഈ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/14-02-2020) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടറിംഗും, റീ-ടെണ്ടറിംഗും നടത്തിയിട്ടും പ്രവർത്തി ഏറ്റെടുക്കുവാൻ ആരും തന്നെ വരാത്ത സാഹചര്യമാണെന്നും,ഭരണസമിതി തലത്തിലും, ഉദ്യോഗസ്ഥ തലത്തിലും നടപടികൾ സ്വീകരിച്ചിട്ടും ലഭിക്കുന്ന ടെണ്ടറുകൾ എല്ലാം തന്നെ ഈ രീതിയിലുള്ളതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രളയം മൂലമാണ് പല പദ്ധതികളും തൻവർഷം പൂർത്തീകരിക്കാനാവാതെ വന്നതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതും, ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാസമയം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

ജി എൽ പി എസ്, ചങ്ങങ്കരി പ്രധാനാദ്ധ്യാപകൻ നർവ്വഹണം നടത്തിയ എൽ.പി, യു.പി വിദ്യാർത്ഥികൾക്ക് ബാഗും കുടയും (പ്രോജക്ട് നം. S0203/19) പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

a) സ.ഉ.(കൈ) നം. 22/18/തസ്വഭവ. തീയതി, 14.2.18) സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കൊഴികെ മറ്റ് വിഭാഗങ്ങളിൽപെടുന്നവർക്ക് സ്കൂൾ ബാഗ്, കുട എന്നിവ സബ്സിഡിയായി നൽകാവുന്നതല്ല. എന്നാൽ മേൽപ്രോജക്ട് പ്രകാരം ജനറൽ, എസ് സി വിഭാഗങ്ങളിലെ കുട്ടികൾക്ക് നൽകുന്നതിനാണ് സ്കൂൾ ബാഗ്, കുട എന്നിവ വാങ്ങിയിട്ടുള്ളത്.

b) ബാഗ്, കുട ഇവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ ഓസ്റ്റിൻ അസോസിയേറ്റ്സിൽ നിന്ന് 334.90 രൂപ നിരക്കിലുള്ള ബാഗും 231.28 രൂപ നിരക്കിലുള്ള കുടയും വാങ്ങുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ ചുവടെ ചേർക്കും പ്രകാരം വ്യത്യസ്ത നിരക്കിലും അളവിലുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

| ഇനം | കുട്ടികളുടെ എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ചെറിയ ബാഗ് | 228 | 265 | 60420 |
| കുട | 228 | 231 | 52668 |
| ബാഗ് | 442 | 334 | 147628 |
| കുട | 442 | 330 | 145860 |
| ആകെ | | | 406396 |

(ആകെ ബിൽ തുക 4,06,576/- രൂപയാണെങ്കിലും 4,00,000/- രൂപയാണ് (ബിൽ നം.8/18-19/29.1.19) ചെലവഴിച്ചിട്ടുള്ളത്). കമ്മറ്റി തീരുമാനിച്ചിരുന്ന നിരക്കിൽ നിന്ന് വ്യത്യസ്തമായിട്ടാണ് വാങ്ങൽ നടത്തിയത്.

c) ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കൊണ്ടുള്ള സ്കൂൾ രേഖകൾ ഒഴികെ അപേക്ഷകൾ, അർഹതാ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വാങ്ങിയ ഉപകരണങ്ങൾ സ്കൂൾ പ്രധാനാദ്ധ്യാപകർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

d) സ്കൂൾ ബാഗ്, കമ്മിറ്റി അംഗീകരിച്ച നിരക്കായ 334.90 രൂപ എന്ന നിരക്കിലും താഴ്ന്ന നിരക്കിൽ വാങ്ങിയപ്പോൾ 442 കുടകൾക്ക് അംഗീകരിച്ച നിരക്കിലും അധികം തുക ചെലവഴിക്കേണ്ടി വന്നു. ഇപ്രകാരം കുടയുടെ വിലയിനത്തിൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
കുട്ടികളുടെ എണ്ണം x കമ്മിറ്റി അംഗീകരിച്ച നിരക്ക് = 442x231.28 = 102226/-
കുടയുടെ വിലയിനത്തിൽ നൽകിയത് = 442x330 = 145860/-
അധികം നൽകിയത് = 145860-102226 = 43634/-
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സബ്സിഡി മർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 4,00,000/- രൂപയിൽ ഖണ്ഡികയിൽ മേൽ രേഖപ്പെടുത്തിയ പ്രകാരം നിരാകരിച്ച 43,634/- രൂപ കിഴിച്ച് 3,56,366/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തി

വി ഇ ഓ നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രോജക്ട് (S0125/19) പ്രകാരം കട്ടിൽ വാങ്ങിയതിലും വിതരണം ചെയ്തതിലും അപാകതകൾ ഉള്ളതായി കാണുന്നു.

1) കട്ടിൽ വാങ്ങിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

a) ഒരു വാർഡിൽ 5 കട്ടിൽ വീതം 15 വാർഡുകളിലേക്കായി 1.98m നീളവും 90cm വീതിയും മുൻകാലിന് 60cm ഉം പിൻകാല് 50cm ഉം നീളമുള്ളതും 8mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിൽ പണിത 75 കട്ടിലുകൾ വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഇതിനായി ടെന്റർ ക്ഷണിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ടെന്ററുകൾ ഹാജരാക്കിയിട്ടുണ്ട്.

| സ്ഥാപനം | നിരക്ക് |
|---|---|
| സ്വാതി വുഡ് ഇൻഡസ്ട്രീസ്സ് | 3650 +18%gst |
| ദിയാഫർണ്ണിച്ചർ | 3500+18%gst |
| ലിംറാ ഫർണ്ണിച്ചർ | 3670 |
| പ്ലാസാ എന്റർപ്രൈസസ് | 3680 [3 ½" x 1 ½" x 1" (തടിയുടെ കനം)]<br>3880 [3 ¾" x 1 ¾" x 1 ¼" (തടിയുടെ കനം)]<br>4280 [4" x 2" x 1 ¼" (തടിയുടെ കനം)] |
| തമ്പുരാൻ കാലയിൽ ട്രേഡ് | 3598 [198cm x 90cm x 60 (ആഞ്ഞിലി/മഹാഗണിയിൽ പണിത കട്ടിൽ) |

| | |
|---|---|
| ലിങ്ക്സ് | 3898 [ISO മാർക്കുള്ള പ്ലൈവുഡിൽ തറച്ച കട്ടിൽ (ആഞ്ഞിലി/മഹാഗണിയിൽ പണിത കട്ടിൽ)]<br>3498 [പലക തറച്ച് പണിത കട്ടിൽ (ആഞ്ഞിലി/മഹാഗണിയിൽ പണിത കട്ടിൽ)]<br>4000 (തെങ്ങിൻ തടിയിൽ പണിത കട്ടിൽ) |

ഇവയിൽ ഏറ്റവും കുറഞ്ഞ ടെന്റർ ഹാജരാക്കിയത് തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം ഹാജരാക്കിയ 3498/- രൂപയുടെ ടെന്ററാണ്. എന്നാൽ ദിയ ഫർണ്ണിച്ചർ എന്ന സ്ഥാപനം ഹാജരാക്കിയ 4130/- രൂപയുടെ ടെന്റർ അംഗീകരിച്ച് 75 കട്ടിലുകളുടെ വില (309750/- രൂപ-ബിൽ നം.19/12.12.18-200000/-, ബിൽ നം.27/22.3.19-109750/-) നൽകിയിട്ടുണ്ട്. എന്നാൽ കുറഞ്ഞ ടെന്റർ ഹാജരാക്കിയ 3498/- രൂപയുടെ ടെന്റർ അംഗീകരിച്ചിരുന്നുവെങ്കിൽ 2,62,350/- രൂപ മാത്രമേ ചെലവഴിക്കേണ്ടിയിരുന്നുള്ളൂ. കുറഞ്ഞ നിരക്ക് ക്വോട്ടുചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്ക് നൽകാനുള്ള കാരണങ്ങൾ പർച്ചേസിംഗ് കമ്മറ്റിയോ, പഞ്ചായത്ത് കമ്മറ്റിയോ വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം 47,400/- രൂപയുടെ (309750- 262350) അധികചെലവ് ഉണ്ടായിട്ടുണ്ട്.

2) വിതരണം നടത്തിയതിലെ അപാകതകൾ

a) സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 75 കട്ടിലുകൾ ലഭിച്ചിട്ടുണ്ടെങ്കിലും 4 ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയിട്ടില്ല.

b) ഉപകരണം കൈപ്പറ്റിയ ഭൂരിഭാഗം ഗുണഭോക്താക്കളും 60 വയസ്സിൽ താഴെയുള്ളവരാണ്. ഗുണഭോക്തൃ ലിസ്റ്റിലും ഇവർ തന്നെ ഉൾപ്പെട്ടിരിക്കുന്നു. 60 വയസ്സിനു മുകളിലുള്ള വ്യക്തികൾ കുടുംബാംഗങ്ങളായി റേഷൻ കാർഡിലുണ്ടെങ്കിലും ഇവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/19.2.2020) യാതൊരു മറുപടിയും ഹാജരാക്കാതിരുന്നതിനാൽ കൂടിയ ടെന്റർ അംഗീകരിച്ചതിനാലുണ്ടായ 47,400/- രൂപയുടെ നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാൽ അവശേഷിക്കുന്ന 2,62,350/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-3 ഗാർഹിക കുടിവെള്ള കണക്ഷൻ - സബ്സിഡി അധികം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഓ

പ്രോജക്ടിന്റ വിശദാംശങ്ങൾ: ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ) സ്പിൽ ഓവർ പ്രോജക്ട് (നം. S0201/19)

<u>തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ</u>

| ബിൽ നം./ചെക്ക് നം. | തുക |
|---|---|
| ബിൽ നം.1/26.5.18 | 235000 |
| ബിൽ നം.2/11.6.18 | 30000 |
| ബിൽ നം. 13/16.11.18 | 7062 |
| ചെക്ക് നം.2273029/13.11.18 | 2938 |
| ആകെ | 275000 |

പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ ഗുണഭോക്താക്കളായി 53 അപേക്ഷകരുണ്ടെങ്കിലും 6 അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

2. സബ്സിഡി മാർഗ്ഗ രേഖ സ.ഉ (എം.എസ്) നം.80/17/തസ്വഭവ. തീയതി, 30.04.2017 പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ പ്രകാരം ജനറൽ വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 5000 രൂപയാണ്. ഫിലിപ്പ് ജോസഫ് കളപ്പുരയ്ക്കൽ, എടത്വ (വാർഡ് 4), റീത്താമ്മ, മാടപ്പുരയ്ക്കൽ, തായങ്കരി (വാർഡ് 15) എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ, സബ്സിഡി വിതരണ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ടി ഗുണഭോക്താക്കൾക്ക് 10,000/- രൂപ വീതം നൽകിയിട്ടുള്ളതായി വ്യക്തമായി. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിലും അധികമായി 10,000/- രൂപ ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.32/20.2.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച 10,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അപേക്ഷകളും അർഹതാ രേഖകളും പൂർണ്ണമായി ഹാജരാക്കാതിരുന്നതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള 2,65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ചമ്പക്കുളംബ്ലോക്ക് പഞ്ചായത്ത് | 100000 | പ്രോജ. നം. 10/18-19 അങ്കണവാടി പോഷകാഹാരം | 72718 | 27282 |
| ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് | 117000 | പ്രോജക്ട്. നം.13/1819 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 116800 | 200 |
| ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് | 1389942 | പ്രോജക്ട് നം. 32/18-19 ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി | 818395 | 571547 |
| ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് | 250000 | പ്രോജക്ട് നം. 38/18-19 പാൽ സബ്സിഡി | 250000 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 100000 | പ്രോജക്ട് നം. 10/18-19 അങ്കണവാടി പോഷകാഹാരം | 91658 | 8342 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 413364 | പ്രോജക്ട് നം. 32/18-19 ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി | 413364 | 0 |
| ആകെ | 2370306 | | 1762935 | 607371 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ആയുർവ്വേദ ആശുപത്രി ഇലക്ട്രിസിറ്റി കണക്ഷൻ | 21800022/04-04-2018 | 10120 | 0 | 10120 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21800067/24-04-2018 | 10406 | 0 | 10406 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ-ലൈഫ് പദ്ധതി | - | 9720000 | 0 | 0 | 0 | 9720000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3(6) | 2617 | ആർ.ഓമന, എ.ഇ.എൽ.എസ്.ജി.ഡി | 118030100036/06.04.18 |
| 2014-15 | 3(5) | 2414 | ആർ.ഓമന, എ.ഇ.എൽ.എസ്.ജി.ഡി | 118030100037/06.04.18 |
| 2016-17 | 2(1) | 500 | സുജ, സിംഗിൾ വിൻഡോ ഓപ്പറേറ്റർ, ബാങ്ക് ഓഫ് ബറോഡ | 118030100054/07.04.18 |
| 2015-16 | 3(3-1) | 14158 | ആർ.ഓമന, എ.ഇ.എൽ.എസ്.ജി.ഡി | 1180301000259/30.04.18 |
| 2015-16 | 3(4-1) | 5700 | ആർ.ഓമന, എ.ഇ.എൽ.എസ്.ജി.ഡി | 118030100261/30.04.18 |
| 2016-17 | 3(11) | 1452 | ആർ.ഓമന, എ.ഇ.എൽ.എസ്.ജി.ഡി | 118030100262/30.04.18 |
| 2016-17 | 3(14) | 899 | ആർ.ഓമന, എ.ഇ.എൽ.എസ്.ജി.ഡി | 118030100263/30.04.18 |
| 2015-16 | 2(3) | 250 | ശ്രീലക്ഷ്മി, സിംഗിൾ വിൻഡോ ഓപ്പറേറ്റർ, ബാങ്ക് ഓഫ് ബറോഡ | 118030500002/23.05.18 |
| 2015-16 | 2(3) | 250 | ആരതി മേനോൻ, സിംഗിൾ വിൻഡോ ഓപ്പറേറ്റർ, ബാങ്ക് ഓഫ് ബറോഡ | 118030500003/23.05.18 |
| 2015-16 | 2(3) | 250 | ആന്റണി, സിംഗിൾ വിൻഡോ ഓപ്പറേറ്റർ, ബാങ്ക് ഓഫ് ബറോഡ | 118030500003/23.05.18 |
| ആകെ | | 28490 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ റിപ്പോർട്ട്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം. | | 2015-16 | 3.6.2 | അടിസ്ഥാന സൗകര്യ വികസനം | മറുപടി സമർപ്പിച്ചിരുന്നു |

## 4-8 <u>ചാർജ്/സർചാർജ് നടപടികളുടെ വിവരം</u>

**(എ) <u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

ഇല്ല

**(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

ഇല്ല

## 4-9 <u>ഓഡിറ്റ് പ്രത്യവലോകനം</u>

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63362639 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57189630 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 101034 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1812245 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 43634 | | ശ്രീ .ജോഷി.പി.ഡി, എച്ച്.എം |
| 3-2 | | 47400 | ശ്രീ.ദിനൽ രാജ്.വി.എച്ച്, വിഇഒ,<br>23.10.2018-ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ [ഖ.4-9(എഫ്) കാണുക] |
| 3-3 | | 10000 | ശ്രീ.ദിനൽ രാജ്.വി.എച്ച്, വിഇഒ. |
| | | 101034 | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 180320 | ശ്രീ .ബി.ബാലകൃഷ്ണ പിള്ള , സെക്രട്ടറി |
| 1-24 | 356366 | ശ്രീ.ജോഷി.പി.ഡി, എച്ച്.എം |
| 1-25 | 30000 | ശ്രീ .ജോഷി.പി.ഡി, എച്ച്.എം. |
| 1-27 | 233016 | ശ്രീ .ജോഷി.പി.ഡി, എച്ച്.എം. |
| 1-28 | 25110 | ശ്രീ .ജോഷി.പി.ഡി, എച്ച്.എം. |
| 1-29 | 262350 | ശ്രീ.ദിനൽ രാജ്.വി.എച്ച്, വി.ഇ.ഒ |
| 1-30 | 265000 | ശ്രീ.ദിനൽ രാജ്.വി.എച്ച്, വി.ഇ.ഒ |
| 1-33 | 300000 | ഡോ.ജ്യോതിമോൻ.പി.ബി,<br>വെറ്ററിനറി സർജൻ. |
| 1-34 | 25500 | ശ്രീ.ദിനൽ രാജ്.വി.എച്ച്, വി.ഇ.ഒ. |
| 1-35 | 39220 | ശ്രീ .ബി.ബാലകൃഷ്ണ പിള്ള , സെക്രട്ടറി. |
| 1-37 | 95363 | ശ്രീ .ബി.ബാലകൃഷ്ണ പിള്ള , സെക്രട്ടറി. |
| ആകെ | 1812245 | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –**

ഇല്ല.

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.ബാലകൃഷ്ണ പിള്ള, സെക്രട്ടറി | സെക്രട്ടറി, കരീപ്ര ഗ്രാമപഞ്ചായത്ത് | ശ്രീഹരി, മീയന്നൂർ.പി.ഒ, കൊല്ലം |
| ഡോ.ജ്യോതിമോൻ.പി.ബി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>എടത്വാ ഗ്രാമ പഞ്ചായത്ത് | അശ്വതി, വഴുവാടി, തഴക്കര.പി.ഒ, മാവേലിക്കര |
| ശ്രീ.ദിനൽ രാജ്.വി.എച്ച്, വി.ഇഒ | വി.ഇ.ഒ, എടത്വാ ഗ്രാമ പഞ്ചായത്ത് | വളപ്പിൽ, നോർത്ത് ആര്യാട്.പി.ഒ, ആലപ്പുഴ |
| ശ്രീ.ജോഷി.പി.ഡി, എച്ച് .എം | എച്ച്.എം<br>മറ്റത്തിൽ ഗവ. എൽ.പി.എസ്.<br>അരൂക്കുറ്റി, ആലപ്പുഴ | പുത്തൻപുരയ്ക്കൽ, വടുതല ജെട്ടി.പി.ഒ, അരൂക്കുറ്റി, ആലപ്പുഴ |

**23.10.2018-ൽ പങ്കെടുത്ത കമ്മറ്റി അംഗങ്ങളുടെ പേര് വിവരങ്ങൾ**

| വാർഡ് നം. | പേര് | മേൽവിലാസം |
|---|---|---|
| 1 | ദീപ ഗോപകുമാർ | മാനയിൽ വീട്, കൊട്ടപ്പന്ന, കൊട്ടപ്പന്ന – 689595 |
| 2 | ടെസ്സി ജോസ് | കൈതപ്പറമ്പിൽ, തായങ്കരി, തായങ്കരി-689573 |
| 3 | സെബാസ്റ്റ്യൻ സക്കറിയ | ആശാൻ പറമ്പ്, ചങ്ങംകരി, ചങ്ങംകരി-689573 |
| 4 | ആനി ഈപ്പൻ | എടത്തിൽ, പുത്തൻപറമ്പിൽ, എടത്വ, എടത്വ-689573 |
| 5 | മീര തോമസ് | ചേന്നങ്കര, എടത്വ, എടത്വ-689573 |
| 6 | ജെയിൻ മാത്യു | കറുകയിൽ വീട്, എടത്വ, എടത്വ-689573 |
| 7 | ബെറ്റി ജോസഫ് | പുത്തൻമഠം, എടത്വ, എടത്വ-689573 |
| 8 | കുരുവിള ജോസഫ് | പൊന്നാടംവാക്കൽ കിഴക്കേക്കുറ്റ്, പാണ്ടങ്കരി, എടത്വ-689573 |
| 9 | ശ്യാമള രാജൻ | കിഴക്കേപറമ്പ്, കോയിൽമുക്ക്, പാണ്ടങ്കരി-689573 |
| 10 | മിൻസി വർഗ്ഗീസ് | മണക്കളം, പാണ്ടങ്കരി, പാണ്ടങ്കരി-689573 |
| 11 | തോമസ്.റ്റി.റ്റി. | തോട്ടുകടവിൽ, കോയിൽമുക്ക്, പാണ്ടങ്കരി-689573 |
| 12 | റോസമ്മ ആന്റണി | പുത്തൻപുരക്കൽ, കോയിൽമുക്ക് സൗത്ത്, ചങ്ങങ്കരി-689573 |
| 13 | അനിത ജേക്കബ് | തെക്കേടത്തായ വല്യതറയിൽ, ചങ്ങങ്കരി, ചങ്ങങ്കരി-689579 |
| 14 | സുരേഷ്.എം.വി. | മണ്ണൊരുപറമ്പിൽ, പച്ച, ചെക്കിടിക്കാട്-689573 |
| 15 | ബൈജു ജോസ് | നെറ്റിത്തറ, തായങ്കരി, തായങ്കരി-689573 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ3–707/97, 11.12.97/7.2.98 |
| 1997-98 (ചെലവ്) | എൽ.എഫ്.എ3 – 1138/99/ 13.3.2000/8..6.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ജിഎ5-1832(1)/11/24.1.2012 |
| 1999-00, 01-02 (പദ്ധതി) | എൽ.എഫ്.ജിഎ5-1832/11/24.1.2012 |
| 1999-00 (പദ്ധതി ഒഴികെ) | എൽ.എഫ്.ജിഎ5-1832/24.1.2012 |
| 2002-03 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2003-04 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2004-05 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2005-06 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2006-07 | എൽ.എഫ്.എ.പി8 –311/11/23.9.11/30.9.11 |
| 2007-08 | എൽ.എഫ്.എ.പി8 –312/23.9.11/30.9.11 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി1 –626/12/24.9.12 |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി1 – 1482/13/3.4.14/7.6.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി1-1539/15/ 9.12.15/1.1.16 |
| | |

| | |
|---|---|
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി1-826/16/28.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1- 1526/16/14.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1- 1201/17/16.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി1- 234/19/04.05.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-പി1/531(A)/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 24-06-2019

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടത്വാ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അനുബന്ധം ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

# അനുബന്ധം-2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ